## പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 992 — 11.03.2015 ലെ മറുപടിക്ക്

## കൊട്ടാരക്കര മണ്ഡലത്തിലെ പട്ടികജാതി കോളനികളുടെ വിവരങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. പി അയിഷാ പോറ്റി | | ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) | |
| (എ) | കൊട്ടാരക്കര നിയോജകമണ്ഡലത്തിന്റെ പരിധിയിൽ കൊട്ടാരക്കര, വെട്ടിക്കവല വികസന ബ്ലോക്കുകളിലായി ആകെ എത്ര പട്ടികജാതി കോളനികൾ ഉണ്ട് ; | (എ) | കൊട്ടാരക്കര വികസന ബ്ലോക്കിൽ 195-ഉം, വെട്ടിക്കവല വികസന ബ്ലോക്കിൽ 148-ഉം പട്ടികജാതി കോളനികൾ ഉണ്ട്. |
| (ബി) | അവയുടെ വിശദാംശങ്ങൾ (പേര്, കോളനി വാസികളുടെ എണ്ണം, വീട്, കിണർ, കക്കൂസ്, വൈദ്യുതി എന്നിവ ഇല്ലാത്തവരുടെ എണ്ണം) വെളിപ്പെടുത്തുമോ; | (ബി) | അനുബന്ധം 2 ആയി ചേർക്കുന്നു. |
| (സി) | ഈ സർക്കാർ പ്രസ്തുത കോളനികളിൽ പട്ടികജാതി വകുപ്പ് മുഖാന്തിരം നടത്തിയ വികസന പ്രവർത്തനങ്ങളും അതിനായി ചെലവഴിച്ച തുകയും വെളിപ്പെടുത്തുമോ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പട്ടികജാതി വികസന വകുപ്പ് വിവിധ വ്യക്തിഗത ആനുകൂല്യങ്ങൾ നല്കിയിട്ടുള്ളതിന് പുറമെ കൊട്ടാരക്കര ബ്ലോക്കിലെ പ്ലാക്കാട് അംബേദ്കർ ഗ്രാമം 'സ്വയം പര്യാപ്ത ഗ്രാമം' പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. കൊട്ടാരക്കര മണ്ഡലത്തിൽ നല്കിയ വ്യക്തിഗത ആനുകൂല്യങ്ങളുടെ വിവരം അനുബന്ധം 1 ആയി ചേർക്കുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ